*Uncorrected/Not for publication*
*22-05-2026*

*Election of Speaker*

നിയമസഭ 2026 മേയ് മാസം 22-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട പ്രോട്ടെം സ്പീക്കർ ശ്രീ. ജി. സുധാകരന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

സ്പീക്കർ തിരഞ്ഞെടുപ്പ്

പ്രോട്ടെം സ്പീക്കർ (ശ്രീ. ജി. സുധാകരൻ): ഓർഡർ....... ഓർഡർ..... പതിനാറാം കേരള നിയമസഭയുടെ ബഹുമാന്യനായ സ്പീക്കറെ തിരഞ്ഞെടുക്കുന്ന അജണ്ടയാണ് നമ്മുടെ മുന്നിലുള്ളത്. ബഹുമാനപ്പെട്ട നിയമസഭാ സ്പീക്കറായി തിരഞ്ഞെടുക്കപ്പെടുന്നതിന് മൂന്ന് അംഗങ്ങളുടെ പേരുകൾ നിർദേശിക്കപ്പെട്ടിട്ടുണ്ട്. ശ്രീ. ബി. ബി. ഗോപകുമാർ, ശ്രീ. എ. സി. മൊയ്തീൻ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്നിവരാണ് നാമനിർദേശം ചെയ്യപ്പെട്ടിട്ടുള്ള അംഗങ്ങൾ. ശ്രീ. ബി. ബി. ഗോപകുമാറിനെ നാമനിർദേശം ചെയ്തുകൊണ്ടുള്ള പത്രികയിൽ ശ്രീ. രാജീവ് ചന്ദ്രശേഖരൻ നിർദേശിക്കുകയും ശ്രീ. വി. മുരളീധരൻ പിന്താങ്ങുകയും ചെയ്തിട്ടുണ്ട്. ശ്രീ. എ. സി. മൊയ്തീനെ നാമനിർദേശം ചെയ്തുകൊണ്ടുള്ള രണ്ട് പത്രികകളിൽ ആദ്യത്തേതിൽ ശ്രീ. പിണറായി വിജയൻ നിർദേശിക്കുകയും ശ്രീ. കെ. രാജൻ പിന്താങ്ങുകയും ചെയ്തിട്ടുണ്ട്. രണ്ടാമത്തേതിൽ ശ്രീ. കെ. എൻ. ബാലഗോപാൽ നിർദേശിക്കുകയും ശ്രീ. പി. കെ. പ്രവീൺ പിന്താങ്ങുകയും ചെയ്തിട്ടുണ്ട്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ നാമനിർദേശം ചെയ്തുകൊണ്ടുള്ള നാല് പത്രികകൾ ലഭിച്ചിട്ടുണ്ട്. ശ്രീ. വി. ഡി. സതീശൻ നിർദേശിക്കുകയും ശ്രീ. സണ്ണി ജോസഫ് പിന്താങ്ങുകയും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി നിർദേശിക്കുകയും ശ്രീ. പി. കെ. ബഷീർ പിന്താങ്ങുകയും ശ്രീ. മോൻസ് ജോസഫ് നിർദേശിക്കുകയും ശ്രീ. അനൂപ്

ജേക്കബ് പിന്താങ്ങുകയും ശ്രീ. ഷിബു ബേബി ജോൺ നിർദേശിക്കുകയും ശ്രീ. സി. പി. ജോൺ പിന്താങ്ങുകയും ചെയ്തിട്ടുള്ളതാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനുവേണ്ടിയുള്ള പത്രികകൾ. പരിശോധനയിൽ നാമനിർദേശ പത്രികകളെല്ലാം നിയമാനുസൃതമാണെന്ന് കാണുന്നു. ഒന്നിലധികം അംഗങ്ങൾ സ്പീക്കർ സ്ഥാനത്തേക്ക് നിർദേശിക്കപ്പെട്ടിരിക്കുന്നതിനാൽ നിലവിലുള്ള നിയമപ്രകാരം സഭ വോട്ടെടുപ്പിലൂടെ സ്പീക്കറെ തിരഞ്ഞെടുക്കുന്നതാണ്. ബാലറ്റ് പേപ്പറിൽ ശ്രീ. ബി. ബി. ഗോപകുമാറിന്റെ പേര് ആദ്യത്തേതായും ശ്രീ. എ. സി. മൊയ്തീന്റെ പേര് രണ്ടാമതായും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ പേര് മൂന്നാമതായും അച്ചടിച്ചിട്ടുണ്ട്. നിയമസഭാംഗങ്ങൾ തങ്ങൾക്ക് ഇഷ്ടമുള്ള സ്ഥാനാർഥിയുടെ പേരിന് എതിരെ ഒരു ഗുണനചിഹ്നമിട്ട് വോട്ട് രേഖപ്പെടുത്തേണ്ടതാണ്. ഗുണനചിഹ്നമല്ലാത്ത മറ്റ് അടയാളങ്ങളിട്ട് വോട്ട് രേഖപ്പെടുത്തിയാൽ പ്രസ്തുത ബാലറ്റ് അസാധുവായി കണക്കാക്കുന്നതാണ്. ഗുണനചിഹ്നമിട്ടാണ് പോസിറ്റീവായ വോട്ട് ചെയ്യേണ്ടത്. നിയമസഭാംഗങ്ങളുടെ പേര് ഇരിപ്പിടക്രമത്തിൽ നിയമസഭാ സെക്രട്ടറി (ഇൻ-ചാർജ്) ഇപ്പോൾ വിളിക്കുന്നതായിരിക്കും. ഓരോ അംഗവും തൽസമയം അധ്യക്ഷവേദിക്ക് സമീപം വന്ന് ഏതെങ്കിലും ഒരു ബൂത്തിൽ വോട്ട് രേഖപ്പെടുത്തി ബാലറ്റ് പെട്ടിയിൽ നിക്ഷേപിച്ചശേഷം സ്വസ്ഥാനത്ത് ഉപവിഷ്ടരാകണമെന്ന് അഭ്യർഥിക്കുന്നു. ആദ്യത്തെ പ്രാവശ്യം പേര് വിളിക്കുമ്പോൾ സഭയിൽ ഹാജരില്ലാത്ത അംഗങ്ങൾക്ക് പോളിങ് അവസാനിക്കുന്നതായി പ്രഖ്യാപിക്കുന്നതിനുമുമ്പ് സഭയിൽ ഹാജരാകുന്ന പക്ഷം വോട്ട് രേഖപ്പെടുത്താൻ അനുമതി നൽകുന്നതാണ്.

*Uncorrected/Not for publication*
*22-05-2026*

*Election of Speaker*

(വോട്ടെടുപ്പ് ആരംഭിക്കുകയും നിയമസഭാ സെക്രട്ടറി (ഇൻ-ചാർജ്) ശ്രീ. ഷാജി സി. ബേബി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശൻ മുതൽ ഇരിപ്പിടക്രമത്തിൽ നിരയായി അംഗങ്ങളുടെ പേര് വിളിക്കുകയും അംഗങ്ങൾ ഓരോരുത്തരായി വന്ന് ബാലറ്റ് പേപ്പർ വാങ്ങി ഡയസ്സിൽ പ്രത്യേകം സജ്ജമാക്കിയിരുന്ന രണ്ട് ബൂത്തുകളിലായി വോട്ട് രേഖപ്പെടുത്തി ബാലറ്റ് പെട്ടിയിൽ നിക്ഷേപിച്ചശേഷം തിരികെയെത്തി സ്വസ്ഥാനത്ത് ഉപവിഷ്ടരാകുകയും ചെയ്തു. സ്പീക്കർ സ്ഥാനാർഥികളായ ശ്രീ. ബി. ബി. ഗോപകുമാർ, ശ്രീ. എ. സി. മൊയ്തീൻ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്നിവർ വോട്ടെടുപ്പിൽ പങ്കെടുക്കുകയുണ്ടായി.)

<u>പ്രോട്ടെം സ്പീക്കർ</u>: പ്രോട്ടെം സ്പീക്കർ എന്ന നിലയിൽ സ്പീക്കർ തിരഞ്ഞെടുപ്പിന്റെ റിട്ടേണിങ് ഓഫീസർ എന്ന പദവി കൂടി വഹിക്കുന്നതുകൊണ്ട് ഞാൻ വോട്ട് രേഖപ്പെടുത്തുന്നില്ല എന്ന വിവരം ബഹുമാനപ്പെട്ട സഭയെ അറിയിച്ചുകൊള്ളുന്നു.

ഓർഡർ.....ഓർഡർ.... വോട്ടെടുപ്പ് പൂർത്തിയായിരിക്കുകയാണ്. 139 അംഗങ്ങളും വോട്ട് രേഖപ്പെടുത്തിയതായാണ് മനസ്സിലാക്കുന്നത്. ഓരോ സ്ഥാനാർഥിയുടെയും പ്രതിനിധിയായി ഒരംഗത്തിന് അധ്യക്ഷ വേദിയിലേക്ക് വരാവുന്നതും വോട്ടെണ്ണൽ പ്രക്രിയ നിരീക്ഷിക്കാവുന്നതുമാണ്.

(സ്പീക്കർ സ്ഥാനാർഥികളുടെ ഏജന്റുമാരായ ശ്രീ. അൻവർ സാദത്ത്, ശ്രീ. സി. കെ. ഹരീന്ദ്രൻ, ശ്രീ. വി. മുരളീധരൻ എന്നീ അംഗങ്ങളുടെ സാന്നിധ്യത്തിൽ വോട്ടെണ്ണൽ നടത്തി.)

<u>പ്രോട്ടെം സ്പീക്കർ</u>: ഓർഡർ...ഓർഡർ...എല്ലാവരും തൽസ്ഥാനങ്ങളിൽ ഇരിക്കേണ്ടതാണ്. തിരഞ്ഞെടുപ്പിന്റെ ഫലം ഇപ്പോൾ പ്രഖ്യാപിക്കുന്നതാണ്. ശ്രീ. ബി.

ബി. ഗോപകുമാറിന് 3 വോട്ടും ശ്രീ. എ. സി. മൊയ്തീന് 35 വോട്ടും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് 101 വോട്ടും ലഭിച്ചിരിക്കുന്നു. Shri Thiruvanchoor Radhakrishnan, a veteran political leader, an uncorrupted so far, great experience in political and parliamentary field, former Home Minister, simple and accessible to all is declared elected as Speaker of Sixteenth Kerala Legislative Assembly. I wish him all success. My entrusted job as Protem Speaker is over and thanks to the co-operation of the whole House for your creative co-operation. Specially my thanks to the venerable Chief Minister Shri V. D. Satheesan, respected Opposition Leader Shri Pinarayi Vijayan and to the Legislature Secretariat. I Thank you all. Thanks.

(മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശനും ഏറ്റവും വലിയ പ്രതിപക്ഷ കക്ഷിയുടെ നേതാവായ ശ്രീ. പിണറായി വിജയനും നിയമസഭാ സെക്രട്ടറി (ഇൻ-ചാർജ്) ശ്രീ. ഷാജി സി. ബേബിയും ചേർന്ന് നിയമസഭാ സ്പീക്കറായി തിരഞ്ഞെടുക്കപ്പെട്ട ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ അധ്യക്ഷ വേദിയിലേക്ക് ആനയിച്ചു.)

(ബഹുമാനപ്പെട്ട സ്പീക്കർ അധ്യക്ഷവേദിയിൽ ഉപവിഷ്ടനായി.)

<u>മി. സ്പീക്കർ</u>: ഓർഡർ...........ഓർഡർ......

മുഖ്യമന്ത്രി (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, പരിണതപ്രജ്ഞനായ രാഷ്ട്രീയനേതാവും എന്റെ ജ്യേഷ്ഠസഹോദരനുമായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പതിനാറാം കേരള നിയമസഭയുടെ സഭാനാഥനായി സ്ഥാനമേറ്റിരിക്കുന്നു. അദ്ദേഹത്തിന് ഞാൻ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ നേരുന്നു. കഴിഞ്ഞ മൂന്നര പതിറ്റാണ്ടുകാലം കേരള

നിയമസഭയിലെ അംഗമായി പ്രവർത്തിച്ച ഏറ്റവും സീനിയറായ രാഷ്ട്രീയ നേതാവും നിയമസഭാ സാമാജികനുമാണ് അദ്ദേഹം. 1991 മുതൽ 2011 വരെ അട്ടൂർ നിയോജകമണ്ഡലത്തെയും, നിയമസഭാമണ്ഡലങ്ങളുടെ ഡീലിമിറ്റേഷനുശേഷം അദ്ദേഹത്തിന്റെ സ്വന്തം സാമ്രാജ്യമായ കോട്ടയം നിയോജകമണ്ഡലത്തെയും പ്രതിനിധീകരിക്കാൻ ഈ നിയമസഭയിൽ അദ്ദേഹത്തിന് അവസരമുണ്ടായി.

നിയമസഭാ സാമാജികൻ എങ്ങനെയാണ് നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കേണ്ടതെന്നതിന്റെ ഏറ്റവും ഉത്തമമായ മാതൃകയായിരുന്നു അദ്ദേഹം. ഞങ്ങളെല്ലാം നിയമസഭ സാമാജികരായി ഈ സഭയിലേയ്ക്കെത്തുമ്പോൾ, എങ്ങനെയാണ് നിയോജകമണ്ഡലത്തിലെ സാധാരണക്കാരോടും എല്ലാ വിഭാഗം ജനങ്ങളോടും ചേർന്ന് പ്രവർത്തിക്കേണ്ടതെന്നതിന്റെ മോഡൽ അദ്ദേഹമായിരുന്നെന്ന് അഭിമാനത്തോടുകൂടി പറയാൻ ഞാനാഗ്രഹിക്കുന്നു. സമ്മേളനം നടക്കുന്ന ദിവസങ്ങളിൽ സഭ കഴിഞ്ഞതിനുശേഷം അദ്ദേഹം ഇവിടെനിന്നും യാത്ര ചെയ്ത് സ്വന്തം മണ്ഡലമായ അട്ടൂരിലേയ്ക്കും മണ്ഡലം കോട്ടയത്തായപ്പോൾ അവിടേയ്ക്കും എത്തുമായിരുന്നു. നിയമസഭാംഗങ്ങളിൽ പലരും നിയമസഭാ സമ്മേളന ദിവസങ്ങളിൽ വെള്ളിയാഴ്ച മാത്രമാണ് നിയോജകമണ്ഡലങ്ങളിൽ പോയിരുന്നതെങ്കിൽ അദ്ദേഹം മിക്കവാറും ദിവസങ്ങളിൽ ചെറിയ ചടങ്ങുകളാണെങ്കിൽപോലും അതിൽ പങ്കെടുക്കുന്നതിനായി സ്വന്തം നിയോജകമണ്ഡലത്തിൽ പോകുകയും രാത്രി വളരെവൈകി തിരിച്ചുവന്ന് ഉറങ്ങുകയും ചെയ്യുമായിരുന്നു. രാവിലെ നിയമസഭാസമ്മേളനം തുടങ്ങുമ്പോൾ കൃത്യമായി അദ്ദേഹം സീറ്റിലുണ്ടാകും. നിയമസഭാ സാമാജികനെന്നനിലയ്ക്ക് നിയമസഭയ്ക്ക് അകത്തും പുറത്തും

നിയോജകമണ്ഡലത്തിലും ഒരുപോലെ പൂർണ്ണ അർപ്പണബോധത്തോടുകൂടി പ്രവർത്തിച്ചിട്ടുള്ള ജനപ്രതിനിധിയാണ് അദ്ദേഹം. അദ്ദേഹത്തിന്റെ പ്രത്യേകതകൾ, സവിശേഷതകൾ എന്നിവ അദ്ദേഹത്തേക്കാൾ വളരെ ജൂനിയറായിരുന്ന ഒരാളെന്ന നിലയിൽ നോക്കിക്കണ്ടതിന്റെ അനുഭവമാണ് ഞാൻ നിങ്ങളോട് പങ്കുവയ്ക്കുന്നത്. എന്റെ ഓർമ്മ ശരിയാണെങ്കിൽ മന്ത്രിയായിരുന്ന സമയത്ത് ആഭ്യന്തര വകുപ്പ് ഉൾപ്പെടെ പതിനേഴ് വകുപ്പുകൾ അദ്ദേഹം ഭരിച്ചിട്ടുണ്ട്. എല്ലാ വകുപ്പുകളെക്കുറിച്ചും കൃത്യമായ ഗ്രാഹ്യവും എന്തുചെയ്യണമെന്നുള്ള ലക്ഷ്യബോധവും (vision) അദ്ദേഹത്തിനുണ്ടായിരുന്നു. ഓരോ വകുപ്പിലെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി നിരന്തര യോഗങ്ങൾ നടത്തി ജനഹിതമനുസരിച്ച് തീരുമാനങ്ങളെടുക്കാൻ ഒരു ഭരണതന്ത്രജ്ഞനെന്ന നിലയിൽ അദ്ദേഹം ശ്രദ്ധേയമായ സംഭാവനകൾ ചെയ്തിട്ടുണ്ട്. ഞങ്ങൾ കോളേജിൽ പഠിക്കുന്ന സമയത്ത് അദ്ദേഹമൊരു തീപ്പൊരിയായ യുവജനനേതാവായിരുന്നു. കൂടാതെ, വിദ്യാർത്ഥി/യുവജന രാഷ്ട്രീയരംഗത്ത് ശ്രദ്ധേയമായ സംഭാവനകൾ നൽകുകയും കേരളം മുഴുവൻ യാത്രചെയ്യുകയും നിരവധി തവണ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ പദയാത്രകൾ നടത്തി കേരളത്തിലെ യുവജന രാഷ്ട്രീയരംഗത്ത് ശ്രദ്ധേയമായ സംഭാവനകൾ നൽകുകയും ചെയ്തിട്ടുണ്ട്.

ഞാൻ വിദ്യാർത്ഥിയായിരുന്നപ്പോൾ അദ്ദേഹം നേതൃത്വം നൽകിയ പദയാത്രയിൽ മുദ്രാവാക്യം വിളിച്ചത് ഇന്നും ഓർക്കുന്നു. ശ്രദ്ധേയനായ യുവജന/വിദ്യാർത്ഥി നേതാവായിരുന്നു അദ്ദേഹം. കേരള സർവകലാശാല യൂണിയന്റെ ആദ്യകാല ചെയർമാനുമായിരുന്നു. ദീർഘകാലത്തെ രാഷ്ട്രീയ പാരമ്പര്യവും ജനപ്രതിനിധിയെന്നുള്ള പരിചയവും ഭരണപരിചയവുമെല്ലാംകൊണ്ടാണ് പതിനാറാം കേരള നിയമസഭയുടെ

സഭാനാഥൻ എന്ന സവിശേഷമായ സ്ഥാനത്തേയ്ക്ക് അദ്ദേഹമെത്തുന്നത്. ഒരിക്കൽക്കൂടി സഭയിലെ എല്ലാ അംഗങ്ങൾക്കുംവേണ്ടി, കേരളത്തിലെ മുഴുവൻ ജനങ്ങൾക്കുംവേണ്ടി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ പ്രത്യേകം അഭിനന്ദിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. പിണറായി വിജയൻ): സർ, അങ്ങയെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രകടിപ്പിച്ച എല്ലാ അഭിപ്രായത്തോടും ഞാൻ യോജിക്കുന്നു. കേരള നിയമസഭയുടെ ബഹുമാനപ്പെട്ട സ്പീക്കറായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന അങ്ങയെ ഹാർദമായ അനുമോദനം അറിയിക്കുകയാണ്. ഇവിടെ പ്രസ്താവിച്ചതുപോലെ സുദീർഘമായ നിയമസഭാ പരിചയമാണ് അങ്ങേയ്ക്കുള്ളത്. ദീർഘമായ സാമൂഹ്യ-രാഷ്ട്രീയ ജീവിതാനുഭവംകൊണ്ട് സമ്പന്നമാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ പൊതുജീവിതം. അതോടൊപ്പം നേരത്തെ പറഞ്ഞതുപോലെ വിവിധ വകുപ്പുകളുടെ ചുമതല വഹിച്ച മന്ത്രി എന്ന അനുഭവ പശ്ചാത്തലവും അങ്ങേയ്ക്കുണ്ട്. ഭരണപക്ഷത്തും പ്രതിപക്ഷത്തും ഇരുന്ന അനുഭവങ്ങളുമുണ്ട്. വൈവിധ്യമാർന്ന രാഷ്ട്രീയ അനുഭവപശ്ചാത്തലം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ പ്രഗത്ഭമതിയായ സഭാധ്യക്ഷനാക്കിമാറ്റും എന്ന വിശ്വാസമാണുള്ളത്.

നാട്ടിലും ജനങ്ങൾക്കുമിടയിൽ പതിറ്റാണ്ടുകൾ പ്രവർത്തിച്ചതിന്റെ അനുഭവം സഭാനടപടികളെ ജനതാൽപര്യത്തിനനുസൃതമായി കൊണ്ടുപോകുന്നതിനുള്ള അവസരമൊരുക്കും എന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രസ്താവിച്ചതുപോലെ വിദ്യാർഥി സംഘടനാ നേതാവായും യുവജന സംഘടനാ നേതാവായും നീണ്ടകാലം അങ്ങ് പ്രവർത്തിച്ചിരുന്നു. ബാലജനസഖ്യം ജനറൽ

സെക്രട്ടറിയായി വിദ്യാർഥി ജീവിതഘട്ടത്തിൽത്തന്നെ പൊതുരംഗത്തേയ്ക്ക് അങ്ങ് കടന്നുവന്നു. കേരള സർവകലാശാല യൂണിയൻ ചെയർമാനായും കെ.എസ്.യു.-വിന്റെ പ്രസിഡന്റായും യൂത്ത് കോൺഗ്രസിന്റെ സ്റ്റേറ്റ് ജനറൽ സെക്രട്ടറിയായും കെ.പി.സി.സി.-യുടെ ജനറൽ സെക്രട്ടറിയുമായൊക്കെ പ്രവർത്തിച്ചിട്ടുള്ളതിനാൽ അതിവിപുലമായ സംഘടനാ അനുഭവം അങ്ങേയ്ക്കുണ്ട്. അതെല്ലാംതന്നെ പൊതുജനവികാരം സഭയിൽ പ്രതിഫലിപ്പിക്കാനുള്ള ശ്രമങ്ങൾക്ക് സഭയിൽ വേണ്ട തോതിലുള്ള ഇടവും സമയവും ഉറപ്പാക്കുന്നതിന് സഹായകരമായ നിലപാട് കൈക്കൊള്ളാൻ അങ്ങേയ്ക്ക് പ്രേരകമാകട്ടെ.

തൊണ്ണൂറുകളുടെ തുടക്കം മുതൽ തുടർച്ചയായി വന്ന സഭകളിൽ അംഗമാകുകയും സഭയുടെ പൊതുവായ അന്തസ്സ് എല്ലാ ഘട്ടങ്ങളിലും ഉയർത്തിപ്പിടിക്കുകയും ചെയ്ത അംഗമാണ് ഇപ്പോൾ സ്പീക്കറായി എത്തുന്നതെന്ന് പ്രത്യേകം പറയേണ്ടതുണ്ട്. നിയമനിർമ്മാണം ജനങ്ങളുടെയും നാടിന്റെയും താൽപര്യത്തിനാകണം. അതോടൊപ്പം ഭരണഘടനയുടെ അടിസ്ഥാനമൂല്യങ്ങളായ സ്വാതന്ത്ര്യം, ജനാധിപത്യം, മതനിരപേക്ഷത, സോഷ്യലിസ്റ്റ് സങ്കൽപം എന്നിവയെല്ലാം പരിരക്ഷിക്കുന്ന വിധത്തിലുമാകണം. ബഹുമാനപ്പെട്ട ചെയറിന്റെ ഇടപെടലുകൾ അങ്ങനെ തന്നെയാകും ഉണ്ടാകുകയെന്ന പ്രത്യാശ പങ്കുവയ്ക്കുട്ടെ.

ജി. വി. മാവ്‌ലങ്കർ മുതൽ ഇങ്ങോട്ടുള്ള നിരവധി ലോക്സഭാ സ്പീക്കർമാരും ആർ. ശങ്കരനാരായണൻ തമ്പി മുതൽക്കുള്ള പല നിയമസഭാ സ്പീക്കർമാരും കാഴ്ചവച്ച മഹത്തായ മാതൃകകൾ നമ്മുടെ മുന്നിലുണ്ട്. സഭാനടപടിക്രമം സംബന്ധിച്ച് M. N. Kaul-ഉം S. L. Shakdher-ഉം മുന്നോട്ടുവച്ച തത്വങ്ങൾ നമ്മുടെ മുന്നിലുണ്ട്. 'ഗാർഡിയൻ ഓഫ് ദ ഹൗസ്'

അതായത് - സഭയുടെ രക്ഷിതാവായാണ് സ്പീക്കറെ അവർ നിർവചിച്ചിരിക്കുന്നത്. ' As the principal spokesperson of the House, the Speaker represents its collective voice' എന്നും അവർ പറഞ്ഞിട്ടുണ്ട്. സ്പീക്കർ സഭയുടെ collective voice-ന്റെ വക്താവാകുന്നത് അദ്ദേഹം പ്രതിപക്ഷ ശബ്ദത്തെക്കൂടി അംഗീകരിക്കുമ്പോൾ മാത്രമാണ്. വിപുലമായ അധികാരങ്ങളാണ് അദ്ദേഹത്തിനുള്ളത്. അത് ഭരണഘടനാമൂല്യധ്വംസനം ഉണ്ടാകാതെ നോക്കൽ മുതൽ റൂൾസ് ഓഫ് പ്രൊസീഡ്യുവർ, കോൺഡക്റ്റ് ഓഫ് ബിസിനസ്, സഭാ കീഴ്വഴക്കങ്ങൾ തുടങ്ങി പല മേഖലകളിലായി വ്യാപിച്ചുകിടക്കുന്നതാണ്. ബാറ്റിങ് സൈഡ് നിയമിച്ച അമ്പയറായി മാറാതിരിക്കാനുള്ള ജാഗ്രത സ്പീക്കർ സ്വയം പാലിക്കേണ്ടതിന്റെ ആവശ്യകതയ്ക്കുകൂടി M. N. Kaul-ഉം S. L. Shakdher-ഉം അടിവരയിടുന്നുണ്ട്. അതൊന്നും ഓർമ്മിപ്പിക്കേണ്ടതില്ലാത്ത വിധത്തിലുള്ള ഉന്നതമായ ജനാധിപത്യബോധമാകും പുതുതായി തിരഞ്ഞെടുക്കപ്പെട്ട സ്പീക്കറിൽനിന്ന് ഉണ്ടാകുകയെന്ന് പ്രതിപക്ഷം ഉറച്ച് വിശ്വസിക്കുന്നുണ്ടെന്ന് അറിയിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു. സ്വതന്ത്രതയുടെയും നിഷ്പക്ഷതയുടെയും പതാകവാഹകനായിനിന്ന് ഈ സഭയെ നയിക്കാൻ അങ്ങേയ്ക്ക് കഴിയട്ടെ. മതനിരപേക്ഷതയടക്കമുള്ള മഹനീയ മൂല്യങ്ങളും ജനവികാരവും സഭയിൽ നിർഭയമായി പ്രതിഫലിപ്പിക്കാനും പ്രതിപക്ഷ അവകാശങ്ങളെ പരിരക്ഷിക്കാനും അങ്ങയുടെ സഭാധ്യക്ഷ സ്ഥാനത്തിന് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. നിയമനിർമ്മാണ കാര്യങ്ങൾ മുതൽ സഭാ സബ് കമ്മിറ്റി രൂപീകരണംവരെ എത്രയോ കാര്യങ്ങളിൽ രാജ്യത്തിനാകെ മാതൃകയായ സഭയാണിത്. പുതിയ മാതൃകകൾ കൂട്ടിച്ചേർത്ത് പാർലമെന്റിനുവരെ വഴികാട്ടുന്ന നിലയിൽ

പ്രവർത്തിക്കാൻ പുതിയ സഭാധ്യക്ഷന്റെ നേതൃത്വത്തിൽ സഭയ്ക്ക് കഴിയട്ടെ. ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് എല്ലാ സഹകരണവും പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്ന് വാഗ്ദാനം ചെയ്യുന്നു. അങ്ങേയ്ക്ക് എല്ലാ ഭാവുകങ്ങളും ആശംസിക്കുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും അങ്ങയെ അഭിനന്ദിച്ച് പറഞ്ഞ എല്ലാ കാര്യങ്ങളോടും യോജിക്കുകയാണ്. അർഹിക്കുന്ന ഒരാൾ അർഹിക്കുന്ന കസേരയിൽത്തന്നെ എത്തിയിരിക്കുന്നു. നമ്മുടെ സുഹൃത്തായ ഇദ്ദേഹം നിയമസഭയെ അല്പം സരസത നിറഞ്ഞ ശാസനയിലൂടെയായിരിക്കും കൊണ്ടുപോകുക എന്നാണ് കരുതുന്നത്. അദ്ദേഹത്തിന്റെ സ്വതസിദ്ധമായ ശൈലിയിലുള്ള ഇടപെടൽ ഞാൻ ഭാവനയിൽ കാണുന്നുണ്ട്. എന്തുതന്നെയായാലും നിഷ്പ്രയാസം, നിഷ്പക്ഷമായി സഭയെ നയിക്കാനുള്ള പരിചയസമ്പത്ത് അങ്ങേയ്ക്കുണ്ടെന്നുള്ളത് വസ്തുതയാണ്. പൊതുപ്രവർത്തന രംഗത്ത് അദ്ദേഹത്തിന്റെ കൂടെ പ്രവർത്തിച്ച സഹപ്രവർത്തകരെന്ന നിലയിൽ ഞങ്ങൾക്കെല്ലാം അറിയാവുന്നതാണ്. കൂടാതെ മന്ത്രിസഭയിലും നിയമസഭയിലും പ്രവർത്തിച്ച അനുഭവവുമുണ്ട്. എല്ലാ മേഖലകളിലും വളരെ പരിചയമുള്ള വ്യക്തിയാണെന്ന് മാത്രമല്ല അദ്ദേഹത്തിന് സ്ട്രോങ് അഡ്മിനിസ്ട്രേറ്റീവ് കപ്പാസിറ്റിയുമുണ്ട്. ആഭ്യന്തര വകുപ്പ് ഉൾപ്പെടെ വിവിധ വകുപ്പുകൾ കൈകാര്യം ചെയ്തിരുന്നപ്പോൾ വളരെ പ്രശംസനീയമായ രീതിയിലാണ് മുന്നോട്ടുപോയിരുന്നത്. പൊതുജീവിതത്തിലെ തിരുവഞ്ചൂർ ശൈലിയെക്കുറിച്ച് മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർ ഇവിടെ പറഞ്ഞിരുന്നു. വിദ്യാർഥികാലം മുതൽ അറിയപ്പെടുന്ന തിരുവഞ്ചൂർ ശൈലി എല്ലാരീതിയിലും മാതൃകയാണ്. മണ്ഡലത്തിൽ ശ്രദ്ധിക്കുന്ന കാര്യം

ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ശരിയാണ്. പുതുതായി വന്ന അംഗങ്ങൾക്ക് അദ്ദേഹത്തിന്റെ ശൈലി പകർത്താവുന്നതാണ്, തുടർവിജയങ്ങൾക്ക് അത് സഹായകമാകും. നിയോജകമണ്ഡലത്തിലെ കാര്യങ്ങൾ ശ്രദ്ധിക്കുകയും ജനങ്ങളുമായുള്ള സമ്പർക്കവും സുഹൃത്ത് ബന്ധവും നിലനിർത്തുകയും ചെയ്യുന്ന, സരസതയുള്ള സഭാധ്യക്ഷനെയാണ് ലഭിച്ചിരിക്കുന്നത്. ഇന്ത്യയിൽത്തന്നെ ഏറ്റവും മാതൃകാപരമായ നിരവധി നിയമനിർമ്മാണങ്ങൾ നടത്തിയിട്ടുള്ളത് കേരള നിയമസഭയാണ്. എല്ലാ നിയമനിർമ്മാണങ്ങൾക്കും പരിഷ്കാരങ്ങൾക്കും പരിവർത്തനങ്ങൾക്കും നേതൃത്വം നൽകിയ നിയമസഭയുടെ അധ്യക്ഷസ്ഥാനത്തേയ്ക്കാണ് അങ്ങ് എത്തിയിരിക്കുന്നത്. തീർച്ചയായും ഞങ്ങൾക്ക് അഭിമാനവും സന്തോഷവുമുണ്ട്. ഈ സന്ദർഭത്തിൽ അങ്ങേയറ്റം അഭിനന്ദിക്കുകയാണ്.

<u>ശ്രീ. കെ. രാജൻ</u>: സർ, പതിനാറാം നിയമസഭയുടെ നാഥനായി തിരഞ്ഞെടുക്കപ്പെട്ട അങ്ങയെ നേരത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും വ്യവസായ വകുപ്പുമന്ത്രിയും ഉൾപ്പെടെ എല്ലാവരും സൂചിപ്പിച്ച അതേ കാരണങ്ങൾകൊണ്ടുതന്നെ ഹാർദമായി അഭിനന്ദിക്കുകയും പ്രതിപക്ഷ നിരയിൽനിന്നുള്ള എല്ലാവിധ പിന്തുണയും അറിയിക്കുകയും ചെയ്യുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും സൂചിപ്പിച്ചതുപോലെ 1991-ലെ ഒമ്പതാം നിയമസഭ മുതൽ തുടർച്ചയായി ഈ നിയമസഭയുടെ വിവിധങ്ങളായ തലങ്ങളിൽ പ്രവർത്തിച്ചുകൊണ്ട് അങ്ങ് കാണിച്ചുതന്ന മാതൃകയും ഇടപെടലുകളും കേരളത്തിലെ പൊതുസമൂഹത്തിന്റെ അഭിനന്ദനം നേടിയിട്ടുണ്ടെന്നുള്ളത് ഒരു യാഥാർഥ്യമാണ്. 1952-ൽ ഗണേഷ് വാസുദേവ് മാവ്ലങ്കാർ ഇന്ത്യയുടെ സ്പീക്കറായി

തിരഞ്ഞെടുക്കപ്പെട്ട വേളയിൽ അന്നത്തെ ഇന്ത്യൻ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പറഞ്ഞ ഒരു വാചകം, ചരിത്രത്തിൽ സ്പീക്കർമാർക്ക് ലഭിക്കാവുന്ന അഭിനന്ദനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണെന്ന് കരുതുന്നു. സ്ഫടിക തുല്യമായുള്ള നിഷ്പക്ഷതയാണ് ഈ പദവിയുടെ ഏറ്റവും പ്രധാനപ്പെട്ട മുഖമുദ്ര. അങ്ങയുടെ ഭാഗത്തുനിന്ന് അതുതന്നെയാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. നേരത്തെ സംസാരിച്ചവർ സൂചിപ്പിച്ചതുപോലെ കേരളനിയമസഭ ലോക നിയമനിർമ്മാണ സഭകളുടെ ചരിത്രത്തിൽ അഭിമാനകരമായ മാതൃക സൃഷ്ടിച്ച സഭയാണ്. അതുമാത്രമല്ല ഈ സഭ പിന്നെയും ഒരുപാട് വഴികളിലൂടെ കടന്നുപോയി. സഹ്യനപ്പുറം ഒരു ലോകമുണ്ടെന്നും അവിടെ മലയാളിയുണ്ടെന്നും മനസ്സിലാക്കി ലോക കേരളസഭയെ നയിച്ചത് ഈ നിയമസഭയാണ്. ഒരുപക്ഷെ അക്ഷരം പഠിച്ചുതുടങ്ങുന്നവർ മുതൽ പരിണതപ്രജ്ഞരായ എഴുത്തുകാരെ ഉൾപ്പെടെ സമ്മേളിപ്പിച്ച ബുക്ക് ഫെസ്റ്റിവലും ലിറ്ററേച്ചർ ഫെസ്റ്റിവലും അങ്ങ് തുടർന്നുകൊണ്ടുപോകുന്ന ചില മാതൃകകളാകുമെന്നും ഞാൻ പ്രതീക്ഷിക്കുന്നു. കോൺസ്റ്റിറ്റ്യൂവന്റ് അസംബ്ലിയുടെ എല്ലാ പ്രൊസിഡിങ്സും പ്രാദേശിക ഭാഷയിൽ പരിഭാഷപ്പെടുത്തിയ സഭയും ഇതുതന്നെയായെന്നാണ് കരുതുന്നത്. അങ്ങയുടെ അനുഭവസമ്പത്തും പാരമ്പര്യവും ഈ നിയമനിർമ്മാണ സഭയ്ക്ക് കൂടുതൽ കരുത്തും പ്രശംസയും പ്രശസ്തിയും ലഭിക്കുന്നതിന് ഉപകരിക്കുമെന്നതന്നെയാണ് ഞങ്ങളുടെ പ്രതീക്ഷ. ഇവിടെ സൂചിപ്പിച്ചതുപോലെ അങ്ങയുടെ തലമുറയ്ക്ക് ശേഷമുള്ള തലമുറയുടെ പ്രതിനിധികളാണ് ഞങ്ങളെങ്കിൽപ്പോലും ഞങ്ങളുടെ തലമുറയോട് അങ്ങ് നടത്തിയിട്ടുള്ള സംവേദനം കഴിഞ്ഞ രണ്ട് സഭകളിലും അനുഭവിച്ചറിഞ്ഞ ഒരാളാണ് ഞാൻ. ഞാൻ ജനിച്ച

വർഷം കേരള സർവകലാശാലയുടെ ചെയർമാനായി അങ്ങ് പ്രവർത്തിക്കുകയായിരുന്നു. തുടർന്ന് അങ്ങ് കെ.എസ്.യു.-ന്റെ സംസ്ഥാന പ്രസിഡന്റായി. ഞങ്ങളുടെ തലമുറയ്ക്ക് ശേഷം വന്ന പുതിയ തലമുറയും ഈ സഭയിലുണ്ട്. അങ്ങയുടെ നേതൃത്വത്തിൽ അവർക്ക് ഈ സഭയുടെ നടപടിചട്ടങ്ങളെക്കുറിച്ച് പഠിക്കാനും നിയമനിർമ്മാണത്തിന്റെ ലോകത്ത് മാതൃകയാകാനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പ്രതിപക്ഷത്ത് പ്രവർത്തിക്കുന്ന വ്യക്തികൾ അങ്ങയെ അഭിനന്ദിച്ചുകൊണ്ട് പറയേണ്ടതെന്താണെന്ന് കഴിഞ്ഞ പത്ത് വർഷമായി ഇതേ സീറ്റിൽത്തന്നെ ഇരുന്ന് അങ്ങ് ചെയറിനോട് പറഞ്ഞിട്ടുണ്ട്. അങ്ങയുടെ അതേ അഭിപ്രായംതന്നെ ഞങ്ങൾ ഈ അവസരത്തിൽ ഓർമ്മപ്പെടുത്തുകയാണ്. എണ്ണത്തിൽ കുറവായ പ്രതിപക്ഷാംഗങ്ങളുടെ പ്രധാന സംരക്ഷകൻ അങ്ങായിരിക്കും എന്ന പ്രതീക്ഷയാണ് ഞങ്ങൾക്കുള്ളത്. ക്രിയാത്മകമായ പ്രതിപക്ഷമായി ഞങ്ങൾ പ്രവർത്തിക്കുമ്പോൾ, ബെല്ലിന്റെ ക്രൂരമായ ശബ്ദമില്ലാതെ, വളരെ സൗമനസ്യത്തോടെ, പ്രതിപക്ഷം കൂടി ഉൾപ്പെട്ടതാണ് നമ്മുടെ നിയമനിർമ്മാണ സഭ എന്ന ധാരണയോടെ അതിനെ സമ്പന്നമാക്കാനുള്ള അങ്ങയുടെ ഇടപെടലുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. അങ്ങയുടെ പരിണതപ്രജ്ഞമായ ഇടപെടലിന് എല്ലാ വിധത്തിലുള്ള പിന്തുണയും നേർന്നുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. മോൻസ് ജോസഫ്:</u> സർ, കേരള നിയമസഭയുടെ പുതിയ സ്പീക്കറായി തിരഞ്ഞെടുക്കപ്പെട്ട ആദരണീയനായ അങ്ങയെ ഈ അവസരത്തിൽ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. ബഹുമാന്യരായ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും കക്ഷിനേതാക്കളും അങ്ങയെക്കുറിച്ച് ഇവിടെ പരാമർശിച്ചതും പ്രകടിപ്പിച്ചതുമായ എല്ലാ

നല്ലകാര്യങ്ങളോടും ഞാനും പരിപൂർണ്ണമായി യോജിക്കുകയാണ്. കേരള രാഷ്ട്രീയത്തിൽ ഏറ്റവും ശ്രദ്ധേയനായയ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ നമ്മുടെ നിയമസഭയുടെ അഭിമാനമായാണ് നിയമസഭാംഗങ്ങൾ എല്ലാവരും എന്നും കണക്കാക്കിയിട്ടുള്ളത്. ഉറച്ച രാഷ്ട്രീയ നിലപാടുകളിൽ നിൽക്കുമ്പോഴും രാഷ്ട്രീയത്തിനതീതമായി പൊതുജീവിതത്തിലും രാഷ്ട്രീയ ജീവിതത്തിലും നിയമസഭയ്ക്കകത്തും എല്ലാവരോടും സ്നേഹപൂർവം പെരുമാറുകയും തലമുറ വ്യത്യാസമില്ലാതെ എല്ലാവരെയും പരിഗണിക്കുകയും ചെയ്ത, നിയമസഭാംഗങ്ങളുടെ മുൻനിരക്കാരനായാണ് അങ്ങയെ എല്ലാവരും കണ്ടിട്ടുള്ളത്. ഞാൻ നിയമസഭയിലേക്ക് ആദ്യമായി കടന്നുവന്ന കാലഘട്ടം മുതൽ ഈ നിമിഷംവരെ കണ്ടുമുട്ടിയിട്ടുള്ള ഒരുപാട് സന്ദർഭങ്ങൾ, അങ്ങയുടെ നിയമസഭാ പ്രസംഗങ്ങൾ, വളരെ ശക്തമായി സർക്കാരിനെ താക്കീത് ചെയ്തുകൊണ്ട് പ്രതിപക്ഷത്തുനിന്നും സംസാരിക്കുന്നയവസരത്തിൽ ഇടപെടലുകൾ വരുമ്പോൾ സരസമായി, സ്നേഹത്തോടെ അതിനെയെല്ലാം തരണംചെയ്തുകൊണ്ട് മുന്നോട്ടുപോകുന്ന, എല്ലാവർക്കും ചിരിക്കാനും എന്നാൽ ചിന്തിക്കാനും അവസരം നൽകുന്ന വിധത്തിൽ അങ്ങ് നടത്തുന്ന പരാമർശങ്ങൾ അങ്ങയുടെ മാത്രം പ്രാഗല്ഭ്യമായിത്തന്നെ കരുതേണ്ടതുണ്ട്. അതുപോലെ ഭരണമുന്നണിയുടെ ഭാഗമായി നിൽക്കുമ്പോൾ മന്ത്രിയെന്ന നിലയിൽ അങ്ങ് സ്വീകരിച്ചിട്ടുള്ള ശക്തമായ നിലപാടുകളെയും പ്രവർത്തനങ്ങളെയുമെല്ലാം അഭിമാനത്തോടുകൂടിയാണ് ഓർക്കാൻ കഴിയുന്നത്. ഭരണപക്ഷത്തും പ്രതിപക്ഷത്തുമായി, അടൂർ നിയോജകമണ്ഡലത്തിൽനിന്ന് നാല് പ്രാവശ്യവും കോട്ടയം നിയോജകമണ്ഡലത്തിൽ നിന്ന് നാല് പ്രാവശ്യവും വിജയിച്ച, ഈ നിയമസഭയിലെ ഏറ്റവും സീനിയർ അംഗമായ അങ്ങ്, കേരള നിയമസഭയുടെ പവിത്രതയും

മഹത്വവും ഉയർത്തിപ്പിടിക്കാൻ കഴിയുന്ന തരത്തിലുള്ള ഉന്നതമായ സ്പീക്കർ സ്ഥാനത്തേയ്ക്ക് വരുമ്പോൾ ഈ സ്ഥാനത്തിന്റെ പവിത്രതയും പ്രാധാന്യവും വർധിക്കുകയാണെന്ന് ഞാൻ കരുതുകയാണ്. തീർച്ചയായും ഈ കാലഘട്ടത്തിൽ ഏറ്റവും കരുത്തനും ശ്രദ്ധേയനുമായ സ്പീക്കറെയാണ് നിയമസഭയ്ക്ക് ലഭിച്ചിരിക്കുന്നതെന്ന അഭിമാനത്തോടുകൂടിയാണ് 140 അംഗങ്ങളും ഈ നിയമസഭയുടെ ഭാഗമായി നിൽക്കുന്നതെന്ന് ഞാൻ ഉറച്ചുവിശ്വസിക്കുകയാണ്. ഈ പദവിയിലേയ്ക്ക് അങ്ങേയ്ക്ക് കടന്നുവരാൻ അവസരമുണ്ടായത് പൊതുജീവിതത്തിലെ ഏറ്റവും വലിയ ഭാഗ്യമായി കരുതുന്നു. ഒരിക്കൽക്കൂടി അങ്ങയെ പ്രത്യേകമായി അഭിനന്ദിക്കുന്നു.

ഞാൻ ഡിഗ്രി പഠനത്തിനായി കോട്ടയം ബസേലിയസ് കോളേജിലേക്ക് കടന്നുചെന്നപ്പോൾ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പഠിച്ചുകടന്നുപോയ, തിരുവഞ്ചൂർ നയിച്ച ബസേലിയസ് കോളേജിലേക്കാണ് കടന്നുവരുന്നതെന്ന വിദ്യാർത്ഥികൾക്കിടയിലുള്ള പൊതുപ്രതികരണം അഭിമാനത്തോടെ ഞാൻ ഓർക്കുകയാണ്. അഭേദ്യനായ ഉമ്മൻ ചാണ്ടി സാറും കെ. എം. മാണി സാറും നേതൃത്വം കൊടുത്ത കോട്ടയത്തിന്റെ രാഷ്ട്രീയതട്ടകത്തിൽനിന്നുവന്ന, ഈ കാലഘട്ടത്തിലെ ഏറ്റവും ശക്തനായ ജനനേതാവായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ കേരള നിയമസഭയുടെ സ്പീക്കറായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത് കോട്ടയത്തിനുകൂടി അനുഗ്രഹമാണെന്ന് ഞാൻ കരുതുന്നു. അത് കേരളത്തിന് അഭിമാനമാണെന്നതിൽ സംശയമില്ല. അങ്ങയുടെ പ്രവർത്തന മണ്ഡലങ്ങളിൽ നീതിപൂർവമായി പ്രവർത്തിക്കാനുള്ള ഭാഗ്യം അങ്ങേയ്ക്ക് ഉണ്ടാകട്ടെയെന്ന് ഞാൻ ആശംസിക്കുന്നു. ട്രെയിനിലാണ് ഞാൻ കോട്ടയത്തേക്ക് പോകാറുള്ളതെങ്കിലും

പലപ്പോഴും അങ്ങയോടൊപ്പം കോട്ടയത്തേക്ക് കാറിൽ യാത്ര ചെയ്തിട്ടുണ്ട്. എന്നോട് ട്രെയിനിൽ പോകണ്ടെന്നും പെട്ടെന്ന് കോട്ടയത്ത് എത്തിക്കാമെന്നും അങ്ങ് പറഞ്ഞപ്പോൾ പെട്ടെന്ന് കടുത്തുരുത്തിയിൽ എത്താമെന്നുകരുതി ഞാനും അങ്ങയോടൊപ്പം കാറിൽ കയറിയിട്ടുണ്ട്. ട്രെയിനിലാണെങ്കിൽ മൂന്ന് മണിക്കൂർകൊണ്ട് കോട്ടയത്തെത്തും. എന്നാൽ അങ്ങയോടൊപ്പം കാറിൽ കയറി കുറച്ചുകഴിയുമ്പോൾ അട്ടൂരിൽ നമുക്ക് രണ്ട് വീടുകളിൽ കയറി പെട്ടെന്ന് പോകാമെന്ന് അങ്ങ് പറയും. അങ്ങനെ പലപ്പോഴും രണ്ട് വീട് എന്നുള്ളത് ഇരുപത് വീടുകളും മുപ്പത് വീടുകളുമായി അട്ടൂരിലൂടെ കറങ്ങേണ്ടിവന്നിട്ടുണ്ട്. ഇതൊക്കെ പൊതുജീവിതത്തിൽ നമ്മൾ ശ്രദ്ധിക്കേണ്ട കാര്യം കൂടിയാണെന്ന് ഞാൻ ഓർക്കുന്നു. ഒരു നിയോജക മണ്ഡലത്തെ പ്രതിനിധീകരിച്ചിരുന്നവർ പിന്നീട് മറ്റൊരു നിയോജകമണ്ഡലത്തിലേക്ക് മാറിയാൽ, പഴയ നിയോജകമണ്ഡലത്തിൽ ഇതുപോലെ വീടുകയറേണ്ട ഒരു കാര്യവുമില്ല, കാരണം അവിടെ മൽസരിക്കുന്നില്ല. ജനങ്ങളോടുള്ള അദ്ദേഹത്തിന്റെ പ്രതിബദ്ധതയും ആത്മാർത്ഥതയും എത്രമാത്രമാണ് എന്നുള്ളതാണ് ഇതിൽനിന്നും മനസ്സിലാകുന്നത്. ആ പ്രദേശം മുഴുവനുമുള്ള ജനഹൃദയങ്ങളിൽ അദ്ദേഹം ഇന്നും ജീവിക്കുകയാണ്, ശക്തമായി നിൽക്കുകയാണ്. അട്ടൂരിലെ ഒരു വീടുപോലും അദ്ദേഹം വിടുകയില്ല. അത് മുഴുവനും തീർത്തുകഴിഞ്ഞാൽ പിന്നീട് കോട്ടയത്തെത്തുകയും പാതിരാത്രിവരെ അവിടങ്ങളിലെ വീടുകൾ സന്ദർശിക്കുകയും ചെയ്യും. ഈ നിലയിലാണ് അദ്ദേഹം പോകുന്നത്. ഇക്കാര്യങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഉമ്മൻ ചാണ്ടി സാറിന്റെ സ്കൂളിൽ പഠിക്കുന്നുവെന്ന് ശ്രീ. സുരേഷ് കുറുപ്പ് പലപ്പോഴും പറഞ്ഞിരുന്നതുപോല ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ സ്കൂളിൽ പഠിക്കാൻ

ഭാഗ്യം ലഭിക്കുന്ന ജനപ്രതിനിധികളായി ഞങ്ങളെല്ലാവരും മുന്നോട്ടുപോകുകയാണ്. അങ്ങേയ്ക്ക് നന്മ വരട്ടെ, എല്ലാവിധ മംഗളാശംസകളും ഒരിക്കൽക്കൂടി നേർന്നുകൊണ്ട് ഞാൻ ചുരുക്കുന്നു.

<u>ശ്രീ. രാജീവ് ചന്ദ്രശേഖർ:</u> സർ, ബി.ജെ.പി.-യുടെയും എൻ.ഡി.എ.-യുടെയും ബി.ജെ.പി.-യെയും എൻ.ഡി.എ.-യെയും പിന്തുണച്ച മുപ്പത് ലക്ഷം വോട്ടർമാരുടെയും പേരിൽ അങ്ങേക്ക് എന്റെ അഭിനന്ദനങ്ങളും ആശംസകളും അറിയിക്കുന്നു. ഈ സഭ നമ്മുടെ ജനാധിപത്യ സംവിധാനത്തിന്റെ കേന്ദ്രമാണ്. ഈ സഭ അങ്ങയെ സ്പീക്കറായി തിരഞ്ഞെടുത്തു. നിയമസഭയിൽ സ്പീക്കർക്കാണ് ശരിയായ ജനാധിപത്യ പ്രവർത്തനത്തിന്റെ ഉത്തരവാദിത്വം. ഇത് വളരെ ഗൗരവമേറിയ ഉത്തരവാദിത്വമാണ്. ഈ തിരഞ്ഞെടുപ്പിലൂടെ ഒരു മാറ്റമാണ് ജനങ്ങൾ ആഗ്രഹിക്കുന്നത്. വികസനവും അവസരങ്ങളും നിറഞ്ഞ ഒരു മികച്ച ഭാവി സൃഷ്ടിക്കുമെന്നാണ് അവർ പ്രതീക്ഷിക്കുന്നത്. ഈ മഹത്തായ സഭയിൽ എല്ലാ അംഗങ്ങൾക്കും ചർച്ച ചെയ്യാൻ കഴിയുന്ന നിരവധി കാര്യങ്ങളുണ്ട്. ഒരുമിച്ച് ചർച്ച ചെയ്ത് തീരുമാനിച്ചാൽ മെച്ചപ്പെട്ട ഒരു വികസിത കേരളം നമുക്കെല്ലാവർക്കുംകൂടി സൃഷ്ടിക്കാം. ബഹുമാനപ്പെട്ട സ്പീക്കറോട് എനിക്ക് ഒരു അഭ്യർഥന മാത്രമാണുള്ളത്, ഞങ്ങളെയെല്ലാവരെയും ചർച്ചയിൽ പങ്കെടുക്കാൻ അനുവദിക്കണം. ജനങ്ങളുടെ പ്രശ്നങ്ങൾ അവതരിപ്പിക്കാൻ ഞങ്ങളെയെല്ലാം അനുവദിക്കണം, പുതിയ എം.എൽ.എ.-മാരെ പ്രോത്സാഹിപ്പിക്കണം. അങ്ങയുടെ നേതൃത്വത്തിൽ ഈ സഭയ്ക്ക് നമ്മുടെ സംസ്ഥാനത്തെ വികസിത കേരളത്തിലേക്ക് കൊണ്ടുപോകാൻ കഴിയുമെന്ന് ഞാൻ പ്രതീക്ഷിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നു. ഞങ്ങളുടെ പൂർണ സഹകരണമുണ്ടാകും. വീണ്ടും അഭിനന്ദനങ്ങളും ആശംസകളും പറഞ്ഞുകൊണ്ട് നിർത്തുന്നു. നന്ദി, നമസ്കാരം, ജയ് ഹിന്ദ്.

*Uncorrected/Not for publication*
*22-05-2026*

*Election of Speaker*

ശ്രീ. ഷിബു ബേബി ജോൺ: സർ, ഇവിടെ സഭാനേതാവും പ്രതിപക്ഷ നേതാവും കക്ഷിനേതാക്കളും പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് യോജിച്ചുകൊണ്ട് അങ്ങയെ പ്രത്യേകമായി അനുമോദിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. അപൂർവമായാണ് വ്യത്യസ്ത മേഖലയിൽത്തന്നെ ഏറ്റവും സീനിയറായ ഒരു വ്യക്തി സഭാനാഥനാകുന്നത്. ഇന്ന് കേരളത്തിലെ പൊതുരംഗത്തെ ഏറ്റവും സീനിയർ വ്യക്തി, പാർലമെന്ററി രംഗത്തെ ഏറ്റവും സീനിയർ വ്യക്തി, ഭരണരംഗത്ത് പ്രാഗൽഭ്യം തെളിയിച്ച വ്യക്തി എന്നിങ്ങനെ എല്ലാ നിലയിലും സീനിയറായ ഒരു വ്യക്തി സഭാനാഥനായി വരുമ്പോൾ ഏറെ പ്രതീക്ഷയോടുകൂടിത്തന്നെയാണ് നമ്മൾ ഇതിനെ കാണുന്നത്. ഞാൻ 2001-ലാണ് ആദ്യം നിയമസഭയിലേക്ക് വന്നത്. വളരെ കർക്കശക്കാരനായ ശ്രീ. വക്കം പുരുഷോത്തമൻ ആയിരുന്നു അന്നത്തെ സ്പീക്കർ. അന്ന് പലപ്പോഴും ഈ കാർക്കശ്യത്തിൽ വിഷമം തോന്നുകയും സ്വകാര്യമായി അദ്ദേഹത്തെ ശപിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പിന്നീടങ്ങോട്ട് നിയമസഭാ ചട്ടങ്ങൾ എന്താണ്, നിയമസഭാ procedure എന്താണ് എന്നൊക്കെയുള്ള ഒരു പഠനം തന്നെയായിരുന്നു അക്കാലയളവിലുണ്ടായത്. അന്ന് പലപ്പോഴും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് M. N. Kaul and S. L. Shakdher-നെക്കുറിച്ച് പരാമർശിച്ചിരുന്നു. അന്ന് സഭയിലെ കക്ഷിനേതാക്കന്മാരിൽ പലരും M. N. Kaul and S. L. Shakdher-ന്റെ പ്രാക്ടീസ് ആൻഡ് പ്രൊഡീഡ്യുവർ ഓഫ് പാർലമെന്റ് എന്ന പുസ്തകവുമായാണ് വരുന്നതും അത് ഉദ്ധരിച്ചുകൊണ്ടാണ് പലപ്പോഴും ഡിബേറ്റുകൾ നടന്നുകൊണ്ടിരുന്നതും. നിർഭാഗ്യവശാൽ പിൽക്കാലത്ത് പാർലമെന്ററി പ്രൊസീഡിങ്സിൽ കുറെയധികം മാറ്റങ്ങൾ സംഭവിക്കുകയും പലപ്പോഴും രാഷ്ട്രീയപ്രസംഗങ്ങളുടെ വേദിയായി

അത് മാറുകയും ചെയ്തു. അങ്ങയെപ്പോലെ സീനിയർമോസ്റ്റായ ഒരു വ്യക്തിക്ക് തീർച്ചയായും പാർലമെന്ററി പ്രൊസീഡിങ്സിന് പ്രാധാന്യം നൽകി ആ നിലയിലേക്ക് നമ്മുടെ ചർച്ചകളുടെ നിലവാരം ഉയർത്താൻ സാധിക്കുമെന്ന ഉത്തമ വിശ്വാസമുണ്ട്. ഒരിക്കൽക്കൂടി അങ്ങയെ അനുമോദിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. പി. കെ. പ്രവീൺ: സർ, പതിനാറാം കേരള നിയമസഭയുടെ നാഥനായി അങ്ങ് തിരഞ്ഞെടുക്കപ്പെട്ടിരിക്കുകയാണ്. ഞാനും ഞാൻ പ്രതിനിധാനം ചെയ്യുന്ന പ്രസ്ഥാനവും അങ്ങേയ്ക്ക് ആശംസകൾ നേരുന്നു. അങ്ങയുടെ വിദ്യാർഥി രാഷ്ട്രീയ കാലഘട്ടത്തെക്കുറിച്ച് എന്റെ പിതാമഹനായ ശ്രീ. പി. ആർ. കുറുപ്പും പിതൃസഹോദരനായ ശ്രീ. കെ. പി. മോഹനനും പറഞ്ഞ് ഞാൻ അറിഞ്ഞിട്ടുണ്ട്. അങ്ങയുടെ പ്രവർത്തനങ്ങളെക്കുറിച്ച് ഇവിടെ എല്ലാവരും സൂചിപ്പിച്ചതുപോലെ, പുഞ്ചിരിക്കുന്ന മുഖത്തോടും വാൽസല്യത്തോടുംകൂടി അങ്ങ് എല്ലാവരെയും സ്വീകരിക്കുന്നതാണ് നവാഗതനായി ഞാൻ ഇവിടെ കയറിവരുമ്പോൾ കാണാൻ കഴിഞ്ഞത്. ജയിക്കുമെന്ന് ഉറപ്പായപ്പോൾ അങ്ങ് എല്ലാ അംഗങ്ങളുടെയും അടുത്തുപോയി ഹസ്തദാനം നടത്തി. ഈ ഹസ്തദാനമാണ് ഞങ്ങൾക്കും ആവശ്യം. ഭരണപക്ഷമെന്നോ പ്രതിപക്ഷമെന്നോ നോക്കാതെ എല്ലാവരെയും, പ്രത്യേകിച്ച് നവാഗതരെ ചേർത്തുപിടിച്ചുകൊണ്ട് സഭാചട്ടങ്ങളിൽ പരിണതപ്രജ്ഞനായ അങ്ങയുടെ എല്ലാവിധ പിന്തുണയും ലഭിക്കണമെന്നാണ് പറയാനുള്ളത്. ഓരോ അംഗവും സഭയിലെത്തുന്നത് തന്റെ നാടിന്റെ പ്രതീക്ഷയുമായാണ്. സഭയിൽ ബോധ്യത്തോടെ കാര്യങ്ങൾ അവതരിപ്പിക്കുന്നതിന് അങ്ങയുടെ പൂർണ പിന്തുണ ലഭിക്കുമെന്ന് വിശ്വസിക്കുന്നു. അതുപോലെ സമത്വ ഭാവനയോടുകൂടി അംഗങ്ങളുടെ അവകാശങ്ങൾ അനുവദിക്കാനും സഭയുടെ നടപടിക്രമങ്ങളിൽ

പൊതുജനങ്ങൾക്കിടയിൽ മതിപ്പുളവാക്കാനും അങ്ങേയ്ക്ക് സാധിക്കട്ടെയെന്നും പറഞ്ഞുകൊണ്ട് എല്ലാവിധ ആശംസകളും അർപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, സഭയുടെ ഏറ്റവും മുതിർന്ന അംഗം എന്ന നിലയിൽ അങ്ങ് ഇന്ന് ചുമതലയേൽക്കുമ്പോൾ അനുഭവസമ്പത്തിന്റെ വലിയൊരു കരുത്താണ് അങ്ങയോടൊപ്പമുള്ളത്. ഈ സഭയെ ഏറ്റവും മാതൃകാപരമായി നയിക്കുവാൻ അങ്ങേയ്ക്ക് കഴിയും. ഗവൺമെന്റ് ബിസിനസ്സുകൾ നടത്തുവാനുള്ള സഹകരണം നൽകുന്നതോടൊപ്പം പ്രതിപക്ഷത്തിന്റെ ന്യായമായ അവകാശങ്ങളും സംരക്ഷിക്കുന്ന ഒരു ചെയർ തന്നെയായിരിക്കും അങ്ങെന്ന് എനിക്കുറപ്പുണ്ട്. നർമ്മം കലർന്ന അങ്ങയുടെ ശക്തമായ നിലപാടുകൾ സഭയിൽ പുതിയ ചരിത്രം സൃഷ്ടിക്കും. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി പറഞ്ഞതുപോലെ ഞാനും അത് ഭാവനയിൽ കണ്ടിരുന്നു. കഴിഞ്ഞ കാലങ്ങളിലെ അങ്ങയുടെ പ്രവർത്തനരീതിയും പ്രസംഗങ്ങളിലുള്ള ഇടപെടലുകളുമൊക്കെ ഏറെ ആകർഷകമായിരുന്നു. അതോടൊപ്പം ധാരാളം ആശയങ്ങളും അങ്ങ് മുന്നോട്ടുവച്ചിട്ടുണ്ട്. പുതിയ സാമാജികർക്ക് എപ്പോഴും അങ്ങയുടെ പ്രവർത്തനങ്ങൾ മാതൃകാപരമായിരുന്നുവെന്ന് എനിക്കും പറയാൻ സാധിക്കും. ഞാൻ നിയമസഭയിൽ കടന്നുവരുമ്പോൾ അങ്ങയോടൊപ്പം ഉമ്മൻചാണ്ടി മന്ത്രിസഭയിൽ അംഗമായിരിക്കാനും എം.എൽ.എ. എന്ന നിലയിൽ കഴിഞ്ഞ കാലങ്ങളിലൊക്കെ പ്രവർത്തിക്കാനും സാധിച്ചിട്ടുണ്ട്. ഒരിക്കൽ പരിചയപ്പെടുന്നവർ തീർച്ചയായും അങ്ങയെ ഓർത്തിരിക്കും. ഓരോ വ്യക്തികളുടെയും പേരുകൾ ഓർത്തിരിക്കാൻ അങ്ങേയ്ക്ക് ഒരു പ്രത്യേക കഴിവുണ്ട്. ഈ സഭയിലെ 140 അംഗങ്ങളുടെയും പേരുകൾ അങ്ങ് മനസ്സിലാക്കുന്നു എന്നുതന്നെയാണ് ഞാൻ കരുതുന്നത്. ഇന്ത്യയിലെ ഏറ്റവും

മാതൃകാപരമായ ഒരു നിയമസഭയുടെ സ്പീക്കറായി അങ്ങ് കടന്നുവരുമ്പോൾ അങ്ങേയ്ക്ക് എല്ലാവിധ ആശംസകളും വിജയങ്ങളും പിന്തുണയും ഞാൻ അറിയിക്കുകയാണ്.

ശ്രീ. സി. പി. ജോൺ: സർ, അങ്ങയെ അനുമോദിച്ചുകൊണ്ട് നിയമസഭയിലെ എന്റെ ആദ്യത്തെ പ്രസംഗം നടത്താൻ സാധിക്കുന്നത് വലിയൊരു ഭാഗ്യമായി ഞാൻ കരുതുന്നു. ബഹുമാന്യരായ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും കക്ഷിനേതാക്കളും അങ്ങയെക്കുറിച്ച് പറഞ്ഞ നല്ലവാക്കുകളോട് ഞാനും യോജിക്കുന്നു. അങ്ങയെ വളരെ നേരത്തെ തന്നെ എനിക്കറിയാം. വിദ്യാർഥി രാഷ്ട്രീയം കൊടുമ്പിരികൊണ്ട ഒരു കാലഘട്ടത്തിൽ കോളേജ് തിരഞ്ഞെടുപ്പുകൾ പോലും കേരളമാകെ ചർച്ച ചെയ്യപ്പെട്ട എഴുപതുകളുടെ മധ്യത്തിൽ ബസേലിയസ് കോളേജിൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ മത്സരിച്ച് വിജയിച്ചത് കേരളം മുഴുവൻ ചർച്ചയായി. എന്റെ സ്നേഹിതനായ ശ്രീ. അരവിന്ദാക്ഷനാണ് അങ്ങയുടെ എതിർ സ്ഥാനാർഥി എന്ന് ഞാനോർക്കുന്നു. ഒരു കോളേജിൽ മത്സരിച്ച സ്ഥാനാർഥിയുടെ പേര് എങ്ങനെയാണ് കേരളം മുഴുവൻ ചർച്ച ചെയ്യപ്പെട്ടതെന്ന് ഈ സഭയിലിരുന്നപ്പോൾ ഞാൻ ആലോചിക്കുകയായിരുന്നു. അതിനുശേഷവും അങ്ങയുമായി ബന്ധപ്പെടാൻ ധാരാളം അവസരങ്ങളുണ്ടായി. 1984-ൽ കോട്ടയം കേന്ദ്രീകരിച്ച് നടന്ന പാർലമെന്റ് തിരഞ്ഞെടുപ്പിൽ, ശ്രീ. സുരേഷ് കുറുപ്പ് സ്ഥാനാർത്ഥിയായ വന്ന ആ തിരഞ്ഞെടുപ്പിൽ ചുമതലക്കാരനായി വന്നപ്പോൾ ഞങ്ങളന്ന് ഏറ്റവും കൂടുതൽ ശ്രദ്ധിച്ചത് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ പ്രവർത്തനങ്ങളായിരുന്നു. കാരണം നേരത്തെ ശ്രീ. മോൻസ് ജോസഫ് പറഞ്ഞതുപോലെ ഏതുവഴിയിലൂടെയാണ് അദ്ദേഹം മുന്നോട്ടുപോകുന്നതെന്ന് നമുക്ക് പറയാൻ സാധിക്കില്ല. ഒരു ഫുട്ബോൾ കളിക്കാരൻ എങ്ങനെയാണ് ഗോളടിക്കുന്നത് എന്ന് അറിയാത്തതുപോലെ

താങ്കൾ അന്നും ഇന്നും അതിസമർഥനായ ഒരു പൊളിറ്റിക്കൽ ലീഡറാണ്. അങ്ങ് എന്നും എപ്പോഴും ചിരിക്കുന്ന ഒരു വ്യക്തിയാണ്, സുസ്മേരവദനനാണ്, അതോടൊപ്പം ദൃഢചിത്തനുമാണ്; ഒരു വിട്ടുവീഴ്ചയുമില്ല. അദ്ദേഹം കൈകാര്യം ചെയ്ത വകുപ്പുകളെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചു. ഏതാണ്ട് എല്ലാ വകുപ്പുകളും കൈകാര്യം ചെയ്തിട്ടുണ്ട്. എന്നാൽ ആഭ്യന്തരവകുപ്പ് കൈകാര്യം ചെയ്തപ്പോൾ സുസ്മേരവദനനായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എത്രമാത്രം ദൃഢചിത്തതയോടെയാണ് കാര്യങ്ങൾ ചെയ്തതെന്ന് കേരളം കാണുകയുണ്ടായി. ഇവിടെ പ്രതിപക്ഷനേതാവും പ്രതിപക്ഷ അംഗങ്ങളും പറഞ്ഞതുപോലെ പ്രതിപക്ഷത്തിന്റെ കൂടി കാര്യങ്ങൾ കണക്കിലെടുത്ത് മുന്നോട്ടുപോകാൻ എല്ലാ സ്പീക്കർമാരും ബാധ്യസ്ഥരാണ്. സഭയുടെയാകെ അവകാശങ്ങൾ സംരക്ഷിക്കാനുള്ള അധികാരത്തിന്റെ ചെങ്കോൽ സ്പീക്കറുടെ കൈവശമാണിരിക്കുന്നത്. ഞാൻ പ്രസംഗം ദീർഘിപ്പിക്കുന്നില്ല. അങ്ങ് ചെയർ ചെയ്യുന്ന ഈ നിയമസഭ വളരെ പ്രസിദ്ധമാണ്. നിരവധി പുരോഗമന നിയമങ്ങൾ നിർമ്മിച്ച ഒരു സഭയാണ്. ഈ സഭയെ ചെയർ ചെയ്യുന്ന താങ്കൾ, സ്പീക്കർ എന്ന നിലയിൽ ഒരു പുതിയ ചരിത്രം കൂടി പതിനാറാം കേരള നിയമസഭയ്ക്കായി സൃഷ്ടിക്കും എന്നുമാത്രം പറഞ്ഞുകൊണ്ട് എല്ലാ അഭിനന്ദനങ്ങളും ഒരിക്കൽക്കൂടി ആവർത്തിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീമതി കെ. കെ. രമ</u>: സർ, പതിനാറാം കേരള നിയമസഭയുടെ സഭാനാഥനായി ആദരണീയനായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ തിരഞ്ഞെടുക്കപ്പെട്ട ഏറെ ആഹ്ലാദകരമായ ഒരു സന്ദർഭമാണിത്. ഈ സഭ കൈക്കൊണ്ട ഏറ്റവും ജനാധിപത്യോചിതമായ തീരുമാനമാണ് സ്പീക്കർ തിരഞ്ഞെടുപ്പ് എന്ന് ഞാൻ കരുതുകയാണ്. ശ്രീ. തിരുവഞ്ചൂർ

രാധാകൃഷ്ണൻ എന്ന രാഷ്ട്രീയ വ്യക്തിത്വത്തിന്റെ മൗലികമായ ഗുണസവിശേഷതകൾ അറിയുന്ന ആരും തീർച്ചയായും ഇക്കാര്യം വിലയിരുത്തുമെന്നു തന്നെയാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ബഹുമാന്യനായ മുഖ്യമന്ത്രി സൂചിപ്പിച്ചതുപോലെ പതിനേഴോളം വകുപ്പുകൾ കൈകാര്യം ചെയ്തു, പതിറ്റാണ്ടുകൾ നീണ്ടുനിന്ന പൊതുജീവിതത്തിന്റെയും പാർലമെന്ററി ജീവിതത്തിന്റെയുമെല്ലാം അനുഭവസമൃദ്ധിയിലൂടെ ആർജ്ജിച്ച അറിവും കർമ്മശേഷിയും നേതൃപ്രാപ്തിയുമെല്ലാം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് ജനാധിപത്യ കേരളത്തിന്റെ നിയമനിർമ്മാണസഭയെ അതിന്റെ മഹനീയമായ ലക്ഷ്യങ്ങളിലേയ്ക്ക് കൈപിടിച്ച് നടത്താൻ കഴിയുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. എനിക്ക് ഈ വേളയിൽ വ്യക്തിപരമായി ഒരുപാട് സന്തോഷമുണ്ട്. എന്റെ വ്യക്തിപരമായ വേദനകളിൽ ഒരു താങ്ങായി നിന്നത് ഈ സന്ദർഭത്തിൽ ഞാനോർക്കുകയാണ്. അത് മറക്കാൻ കഴിയുകയില്ല. പുതിയ അംഗങ്ങളായി സഭയിൽ കയറിവരുമ്പോൾ ഒരുപാട് കാര്യങ്ങൾ അങ്ങയിൽനിന്ന് ഞങ്ങൾക്ക് പഠിക്കാനുണ്ടായിരുന്നു. മുഴുവൻ സമയവും സഭയിലിരിക്കുകയും സഭാനടപടികൾ വീക്ഷിക്കുകയും അതിൽ ഇടപെടുകയും ചെയ്തത് ഞങ്ങളെപ്പോലുള്ള ആളുകൾ വളരെ കൗതുകത്തോടും പ്രതീക്ഷയോടും കൂടിയാണ് നോക്കിക്കണ്ടത്. കാരണം ചെറുപ്പക്കാരായ അംഗങ്ങൾ ഇറങ്ങി നടക്കുമ്പോൾ പോലും മുതിർന്ന അംഗം എന്ന നിലയിൽ അങ്ങ് ഈ സഭയിൽ പൂർണസമയവും ഇരുന്ന് സഭാനടപടികൾ വീക്ഷിക്കുകയും അതിൽ ഇടപെടുകയും ചെയ്യുന്നത് കാണുമ്പോൾ അത് പഠിക്കാൻ ഞങ്ങൾക്ക് വലിയൊരു അവസരമായിരുന്നു എന്ന് ഇപ്പോൾ ഞാനോർക്കുകയാണ്. എല്ലാ അംഗങ്ങൾക്കും അവസരങ്ങൾ കൊടുത്തുകൊണ്ട് ഈ സഭയെ നിയന്ത്രിച്ച് ഏറ്റവും ഭംഗിയായി മുന്നോട്ടുകൊണ്ടുപോകാൻ അങ്ങേയ്ക്ക് സാധിക്കട്ടെ

എന്ന് ഞാൻ ആശംസിക്കുന്നു. എന്റെയും എന്റെ പാർട്ടിയുടെയും എല്ലാവിധ ഭാവുകങ്ങളും അറിയിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. എ. സി. മൊയ്തീൻ: സർ, സ്പീക്കറായി തിരഞ്ഞെടുക്കപ്പെട്ട അങ്ങയെ ഹൃദയപൂർവം ഞാൻ അഭിനന്ദിക്കുന്നു. അങ്ങയുടെ ദീർഘകാലത്തെ നിയമസഭാ ജീവിതം അങ്ങേയ്ക്ക് ധാരാളം അനുഭവങ്ങൾ സമ്മാനിച്ചിട്ടുണ്ട്. മൂന്നരപ്പതിറ്റാണ്ടുകാലം അങ്ങ് ഈ സഭയിൽ അംഗമായിരുന്നു. അങ്ങ് ഭരണ-പ്രതിപക്ഷങ്ങളിൽ പ്രവർത്തിച്ച പരിചയമുള്ള ആളാണ്. ഒരുപക്ഷേ ഈ നിയമസഭയിൽ വന്നതിനുശേഷം ഞാൻ ശ്രദ്ധിച്ചിട്ടുള്ളത് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ നിയമസഭയിൽ പൂർണസമയവും പങ്കെടുക്കുന്ന ഒരാളായിട്ടാണ്. ഏതു പുതിയ അംഗത്തിന്റെയും പ്രസംഗങ്ങൾ അങ്ങ് പ്രത്യേകം ശ്രദ്ധിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. സഭയിൽ പൂർണസമയം ഇരുന്ന് സഭാപ്രവത്തനങ്ങളിൽ പങ്കാളിയാവുകയും പഠിക്കുകയും ചെയ്യുക എന്ന മാതൃകാപരമായ പ്രവർത്തനം മൂന്നരപതിറ്റാണ്ടിന്റെ അനുഭവമുള്ള അങ്ങ് ഇപ്പോഴും തുടരുകയാണ്. അതാണ് അങ്ങയുടെ സവിശേഷത എന്ന് ഞാൻ കരുതുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും ഉൾപ്പെടെയുള്ളവർ സൂചിപ്പിച്ചതുപോലെ കേരള നിയമസഭ നിരവധി കാര്യങ്ങളിൽ മാതൃകയാണ്. ഇന്ത്യയിൽ ഇന്ന് നിയമനിർമ്മാണ സഭകൾ പലപ്പോഴും അതിന്റെ കർമ്മം നിർവഹിക്കാതിരിക്കുമ്പോഴും നിയമനിർമ്മാണത്തിന്റെ വേദികളിൽ ആവശ്യത്തിന് സമയം ലഭ്യമാകാതെയുള്ള നിയമങ്ങൾ ചുട്ടെടുക്കുമ്പോഴും കേരളം മാതൃകാപരമായ പ്രവർത്തനങ്ങളാണ് നിയമനിർമ്മാണ മേഖലയിൽ ഏതുകാലത്തും നിർവഹിച്ചിട്ടുള്ളത്. ഈ സഭയിൽ അങ്ങയുടെ നേതൃത്വത്തിൽ ആ മഹത്തായ പാരമ്പര്യം തുടരാൻ നമുക്ക് കഴിയുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അങ്ങ്

പ്രതിപക്ഷത്തിരുന്ന് ഉന്നയിച്ച കാര്യങ്ങൾകൂടി ഇപ്പോൾ പ്രതിപക്ഷത്തിന് അനുവദിക്കുന്നതിന് ഹൃദയവിശാലതയുള്ള ഒരു സ്പീക്കറായിരിക്കും അങ്ങ് എന്ന പ്രതീക്ഷയോടെ എല്ലാ ഭാവുകങ്ങളും ആശംസിച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. മാണി സി. കാപ്പൻ: സർ, പതിനാറാം നിയമസഭയുടെ സ്പീക്കറായി തിരഞ്ഞെടുക്കപ്പെട്ട അങ്ങയെ ഞാൻ ആദ്യമായി അഭിനന്ദിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും മറ്റ് കക്ഷി നേതാക്കളും അങ്ങയെക്കുറിച്ച് പറഞ്ഞ എല്ലാ കാര്യങ്ങളോടും ഞാൻ യോജിക്കുകയാണ്. അങ്ങയെ ഞാൻ പരിചയപ്പെടുന്നത് എനിക്ക് പന്ത്രണ്ട് വയസ്സുള്ളപ്പോഴാണ്. അന്ന് എന്റെ പിതാവിനെ കാണാൻ ആദ്യമായി വരുമ്പോഴും പിന്നീട് പലപ്പോഴും വന്നിട്ടുള്ളപ്പോഴും ഇക്കാലമാത്രയും നല്ലൊരു സൗഹൃദബന്ധം പുലർത്തിക്കൊണ്ട് മുന്നോട്ടുപോകാൻ സാധിച്ചിട്ടുണ്ട്. അങ്ങയുടെ പരിചയസമ്പന്നതയും സൗമ്യമായ പെരുമാറ്റവും നല്ലൊരു സ്പീക്കറാകാൻ അങ്ങേയ്ക്ക് സാധിക്കുമെന്ന് എനിക്ക് വിശ്വാസമുണ്ട്. പ്രതിപക്ഷം ഇവിടെ പറഞ്ഞതുകൂടി കണക്കുകൂട്ടി പറയുകയാണെങ്കിൽ അങ്ങ് ഈ സഭയുടെ റെഫറിയാണ്. ആ റെഫറി സ്ഥാനം നല്ല നിലയ്ക്ക് മുന്നോട്ടുകൊണ്ടുപോകാൻ അങ്ങേയ്ക്ക് കഴിയട്ടെ എന്നുമാത്രം ആശംസിക്കുന്നു.

ശ്രീ. ബി. ബി. ഗോപകുമാർ: സർ, പരമോന്നതമായ ഈ നിയമനിർമ്മാണ സഭയുടെ അധികാരിയായി ചുമതലയേറ്റ ബഹുമാന്യനായ സ്പീക്കർക്ക് ആദ്യംതന്നെ എന്റെയും എന്റെ പ്രസ്ഥാനത്തിന്റെയും അഭിനന്ദനം രേഖപ്പെടുത്തുന്നു. അങ്ങയെക്കുറിച്ച് വളരെ ദീർഘമായി എനിക്ക് മുന്നേ സംസാരിച്ചവർ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ദീർഘകാലത്തെ

പൊതുപ്രവർത്തനരംഗത്തെ അനുഭവത്തെപ്പറ്റിയും, ദീർഘകാലം ഒരു എം.എൽ.എ. എന്ന രീതിയിലുള്ള അങ്ങയുടെ മാതൃകാപരമായ പ്രവർത്തനത്തെക്കുറിച്ചും ഇവിടെ സൂചിപ്പിച്ചു. ചാത്തന്നൂർ നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച് ആദ്യമായി എം.എൽ.എ. ആയി ഇവിടെ വരുമ്പോൾ, അങ്ങേയ്ക്കെതിരെ മത്സരിക്കാനും അങ്ങയെ അഭിനന്ദിച്ചുകൊണ്ട് സംസാരിക്കാനും അവസരം ലഭിച്ചത് ഒരു ഭാഗ്യമായി ഞാൻ കാണക്കാക്കുകയാണ്. ബി.ജെ.പി.-യുടെ ഒരു പ്രതിനിധി നിയമസഭ സ്പീക്കർ സ്ഥാനത്തേയ്ക്ക് മത്സരിക്കുന്നുവെന്നത് ചരിത്രത്തിൽ ആദ്യമായിട്ടാണെന്നുള്ള പ്രത്യേകത കൂടിയുണ്ട്. അങ്ങ് കാട്ടിയിട്ടുള്ള ചില മാതൃകകൾ, ഒരു മന്ത്രിയെന്നുള്ള രീതിയിൽ അങ്ങ് എടുത്തിട്ടുള്ള തീരുമാനങ്ങൾ, ഒരു നിയമസഭാ സാമാജികൻ എന്ന രീതിയിൽ നിയമനിർമ്മാണ സഭയിൽ എങ്ങനെയാണ് തന്റെ ഉത്തരവാദിത്വം നിർവഹിക്കേണ്ടതെന്നതടക്കം നേരത്തെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അടൂർ അടക്കം മുമ്പ് മത്സരിച്ച് വിജയിച്ച നിയമസഭ മണ്ഡലങ്ങളിൽ പിന്നീടും പോകുകയെന്ന് പറയുന്നത് അങ്ങയുടെ ഏറ്റവും വലിയ പ്രതിബന്ധതയെയാണ് സൂചിപ്പിക്കുന്നത്. ഞാൻ ഒരു മാധ്യമ വാർത്തയാണ് ഇപ്പോൾ ഓർക്കുന്നത്. അങ്ങ് എം.എൽ.എ. ആയിരിക്കുമ്പോൾ കേരള നിയമസഭയിൽ ഒരു സബ്മിഷൻ ഉന്നയിക്കുകയുണ്ടായി. ആ അവസരത്തിൽ അന്നത്തെ സ്പീക്കർ, ഇത് ചട്ടം പാലിച്ചല്ല ഉന്നയിക്കുന്നതെന്നും അതുകൊണ്ട് നിയമസഭാ രേഖകളിൽ അത് ഉണ്ടാകില്ലെന്നും പറയുകയുണ്ടായി. അതിന് അങ്ങ് വളരെ രസകരമായ മറുപടിയാണ് പറഞ്ഞത്. ആ രേഖകളിൽ കാണാൻ വേണ്ടിയല്ല ഞാൻ പറയുന്നത്, മറിച്ച് ജനങ്ങളുടെ കാര്യങ്ങൾ ജനങ്ങൾക്കുവേണ്ടി പറയുന്നൊരു വേദിയാണ് എന്ന് അങ്ങ് പറഞ്ഞൊരു മറുപടിയുണ്ട്.

ഞങ്ങൾക്കും അതുതന്നെയാണ് സൂചിപ്പിക്കാനുള്ളത്. ജനങ്ങൾക്കുവേണ്ടി ഈ നിയമസഭയിൽ പറയുമ്പോൾ ഞങ്ങൾ മൂന്ന് അംഗങ്ങൾ മാത്രമെയുള്ളൂ എന്നതിനപ്പുറം, പറയപ്പെടുന്ന കാര്യങ്ങളുടെ പ്രസക്തി കൂടി ഉൾക്കൊണ്ടുകൊണ്ട് മുന്നോട്ടുപോകണമെന്നാണ് അഭ്യർഥിക്കാനുള്ളത്. നേരത്തെ സൂചിപ്പിച്ചതുപോലെ അങ്ങ് ആഭ്യന്തര വകുപ്പിന്റെ ചുമതല വഹിച്ചിട്ടുണ്ട്. കേരളത്തിന്റെ സമീപകാലത്തെ എക്കാലത്തെയും ജനകീയനായ നേതാവ് ഉമ്മൻ ചാണ്ടിയുടെ വിശ്വസ്തൻ എന്ന പരിഗണനകൂടി അങ്ങേയ്ക്കുണ്ട്. അങ്ങ് മന്ത്രി പദവിയിലേയ്ക്ക് കടന്നുവരുമെന്നുള്ള ചർച്ചയൊക്കെ ഉണ്ടായിരുന്നുവെങ്കിലും ഇപ്പോൾ നിയമസഭയുടെ സഭാധ്യക്ഷനായി കടന്നുവന്നിരിക്കുകയാണ്. കേരളത്തിൽ ഒരുപാട് രാഷ്ട്രീയ കൊലപാതകൾ നടന്നിട്ടുണ്ട്. പക്ഷെ, പൈശാചികമായ ഒരു രാഷ്ട്രീയ കൊലപാതകത്തിന്റെ പ്രതികളെ മാത്രമല്ല, അതിന്റെ പിന്നിൽ ഗൂഢാലോചന നടത്തിയവരെ വരെ ഒരു ആഭ്യന്തരവകുപ്പുമന്ത്രി എന്ന രീതിയിൽ പുറത്തുകൊണ്ടുവരാൻ അങ്ങ് പരിശ്രമിച്ചിട്ടുണ്ട്. അതടക്കമുള്ള ഏറെ കാര്യങ്ങൾ അങ്ങയുടെ മുന്നിലുണ്ട്. അതുകൊണ്ടുതന്നെ ഈ നിയമനിർമ്മാണസഭയിലെ 137 അംഗങ്ങൾക്കൊപ്പം ഞങ്ങൾ മൂന്ന് അംഗങ്ങൾക്കും സഭയിലെ എല്ലാ കാര്യങ്ങളും ഉന്നയിക്കാനുള്ള അവസരം അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഒരിക്കൽക്കൂടി ഈ പരമോന്നതപദവിയിൽ നല്ല രീതിയിൽ ശോഭിക്കാൻ അങ്ങേയ്ക്ക് കഴിയട്ടെയെന്നും എന്റെയും എന്റെ പ്രസ്ഥാനത്തിന്റെയും എല്ലാവിധ അഭിനന്ദങ്ങളും പറഞ്ഞുകൊണ്ട് പിന്തുണയടക്കം അറിയിച്ചുകൊണ്ട് വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട സഭാ നേതാവ്, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, ബഹുമാന്യരായ കക്ഷി നേതാക്കളെ, സഹപ്രവർത്തകരെ,

പതിനാറാം കേരള നിയമസഭയുടെ അധ്യക്ഷനായി എന്നെ തിരഞ്ഞെടുത്ത ഈ മഹത്തായ സഭയോടുള്ള എന്റെ ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു. എന്നെക്കുറിച്ച് ഇവിടെ പറഞ്ഞ നല്ല വാക്കുകൾക്ക് നന്ദി അറിയിക്കുന്നു.

ഈ തിരഞ്ഞെടുപ്പ് ജനാധിപത്യ മൂല്യങ്ങൾ സംരക്ഷിക്കാനുള്ള വലിയ ഉത്തരവാദിത്വമാണ് എന്നിൽ നിക്ഷിപ്തമാക്കിയിരിക്കുന്നത്. 138 വർഷത്തെ പാരമ്പര്യമുള്ള നമ്മുടെ സഭയുടെ അന്തസ്സും നിഷ്പക്ഷതയും ഉയർത്തിപ്പിടിക്കാൻ പരമാവധി ആത്മാർത്ഥതയോടെ പ്രവർത്തിക്കുമെന്ന് സഭയ്ക്ക് ഞാൻ ഉറപ്പുനൽകുന്നു.

സ്പീക്കർ എന്ന നിലയിൽ ഭരണപക്ഷത്തിനും പ്രതിപക്ഷത്തിനും ഒരുപോലെ നീതിയും അവസരവും ഉറപ്പാക്കുക എന്നത് എന്റെ പ്രധാന കടമയായിരിക്കും. എല്ലാ അംഗങ്ങൾക്കും അവരുടെ അഭിപ്രായങ്ങൾ സഭയിൽ സ്വതന്ത്രമായും നിർഭയമായും അവതരിപ്പിക്കാൻ കഴിയുന്ന സാഹചര്യം ഉറപ്പാക്കാൻ പരമാവധി ശ്രദ്ധിക്കുമെന്ന് അറിയിക്കട്ടെ. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ ഈ വാക്കുകൾ ഇതിന് ഏറെ പ്രചോദനം നൽകുന്നതാണ്.

" The Strength of Democracy lies not in the power of the majority, but in the respect shown to every voice."

നിയമസഭ ജനങ്ങളുടെ പ്രതീക്ഷകളുടെയും ആഗ്രഹങ്ങളുടെയും വേദിയാണ്. നീതിക്കുവേണ്ടി ആഗ്രഹിക്കുന്ന ലക്ഷോപലക്ഷം ജനങ്ങളുടെ ആശാകേന്ദ്രമാണ് നമ്മുടെ സഭ. അതുകൊണ്ടുതന്നെ സഭയുടെ നടപടികളും ചർച്ചകളും ഉന്നത ജനാധിപത്യ

മൂല്യങ്ങൾക്കനുസൃതമായി മുന്നോട്ടുകൊണ്ടുപോകേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. ജനകീയ പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെടുന്ന ഈ വേദിയിൽ ഭിന്നാഭിപ്രായങ്ങൾ സ്വാഭാവികമാണ്. പരസ്പര വിശ്വാസത്തോടും ബഹുമാനത്തോടുംകൂടി പ്രവർത്തിക്കുമ്പോൾ ഈ സഭ ജനഹിതത്തിന് അനുസൃതമായി മാറും.

നിയമസഭയുടെ അടിസ്ഥാനശില നമ്മുടെ ഭരണഘടനയാണ്. ഇവിടെ നടക്കുന്ന എല്ലാ നടപടിക്രമങ്ങളുടെയും പ്രവർത്തനങ്ങളുടെയും അടിസ്ഥാനം ഭരണഘടനാ വ്യവസ്ഥകളാണ്. അതുകൊണ്ട് ഭരണഘടനയെക്കുറിച്ചുള്ള അവബോധവും ഉൾക്കാഴ്ചയും ഈ സഭയുടെ പ്രവർത്തനങ്ങളെ കൂടുതൽ മിഴിവുറ്റതാക്കിമാറ്റുമെന്ന് ഞാൻ പ്രത്യാശിക്കുന്നു.

നിയമനിർമ്മാണസഭയും എക്സിക്യൂട്ടീവും ജുഡീഷ്യറിയും മാധ്യമങ്ങളുമടങ്ങുന്ന നമ്മുടെ ജനാധിപത്യക്രമത്തിൽ വിവിധ വിഷയങ്ങളിൽ ഏക അഭിപ്രായമുണ്ടായേ മതിയാകൂ എന്ന് ശഠിക്കാൻ കഴിയില്ല. ഇത്തരം സന്ദർഭങ്ങളിൽ, ജനാധിപത്യ സംവാദങ്ങളിലും അഭിപ്രായ വൈവിധ്യത്തിലും സഹിഷ്ണുത കാണിച്ച് മുന്നോട്ടുപോകേണ്ടത് അനിവാര്യമാണ്. ഗാന്ധിജിയുടെ ഈ വാക്കുകൾ നമുക്ക് മാതൃകയാക്കാം.

" Honest disagreement is often a good sign of progress."

പാർലമെന്ററി ജനാധിപത്യം വിജയപ്രദമാക്കുന്നതിന് ഭരണപ്രതിപക്ഷ കക്ഷികൾ തുല്യ ഉത്തരവാദികളാണ്. ആരോഗ്യകരമായ വിമർശനം ഉന്നയിക്കുന്നതിലൂടെ പ്രതിപക്ഷം ജനാധിപത്യത്തെ ചലനാത്മകമാക്കുകയാണ് ചെയ്യുന്നത്. ക്രിയാത്മകമായ വിമർശനങ്ങളോട് അസഹിഷ്ണുത പുലർത്താതെ കഴിയുന്നത്ര പ്രോത്സാഹിപ്പിക്കുകയാണ് ചെയ്യേണ്ടത്. എന്നാൽ

അതിനൊരു പരിധി അനിവാര്യമാണ്. ശബ്ദഘോഷങ്ങളിലൂടെ എതിർപക്ഷത്തെ കീഴ്പ്പെടുത്താൻ ശ്രമിക്കുന്നത് ജനാധിപത്യ മാതൃകയല്ല.

ഈ മഹനീയ സഭയുടെ അന്തസ്സിനും മഹിമയ്ക്കും കോട്ടം തട്ടുന്ന ഒരു പ്രവൃത്തിയും നമ്മുടെ ഭാഗത്തുനിന്നും മനഃപൂർവം ഉണ്ടാകരുതെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. നമ്മെ തിരഞ്ഞെടുത്ത ജനങ്ങൾ ഈ സഭയെ വളരെ പ്രതീക്ഷയോടുകൂടിയാണ് വീക്ഷിക്കുന്നത്. ആ പ്രതീക്ഷകൾ സാക്ഷാത്ക്കരിക്കുന്നു എന്ന് നമ്മൾ ഉറപ്പുവരുത്തേണ്ടതുണ്ട്.

ഭരണഘടനയുടെ അനുച്ഛേദം 187 പ്രകാരം നിയമസഭാ സെക്രട്ടേറിയറ്റ് ഒരു സ്വതന്ത്ര സെക്രട്ടേറിയറ്റാണ്. അതിന്റെ അവകാശങ്ങളിൽ കടന്നുകയറാനുള്ള ശ്രമം ഉണ്ടായപ്പോഴെല്ലാം സഭ അതിനെതിരെ ഏകാഭിപ്രായത്തോടുകൂടി നിലപാട് സ്വീകരിച്ചിട്ടുണ്ട്. ഈ സെക്രട്ടേറിയറ്റിന്റെ ഭരണപരവും സാമ്പത്തികപരവുമായ സ്വാതന്ത്ര്യം ഉറപ്പുവരുത്തുന്നതിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും പൂർണ്ണ സഹകരണമുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഭരണ-പ്രതിപക്ഷ അംഗങ്ങളുടെ സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകണമെന്നാണ് എന്റെ അഭ്യർഥന.

സഭാനടപടികൾ അതർഹിക്കുന്ന ഗൗരവത്തിൽ ജനങ്ങളിലേയ്ക്കെത്തിക്കുന്നതിന് പത്ര-ദൃശ്യ മാധ്യമങ്ങൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. മാധ്യമപ്രവർത്തകർക്ക് നിയമസഭാ നടപടികൾ ജനങ്ങളിൽ എത്തിക്കാനാവശ്യമായ കൂടുതൽ മെച്ചപ്പെട്ട സൗകര്യങ്ങളെക്കുറിച്ച് ആലോചിക്കുന്നതാണ്.

മുൻ സ്പീക്കർമാർ പിന്തുടർന്ന മാതൃകാപരമായ പ്രവർത്തന ശൈലികൾ എനിക്ക് പ്രചോദനമാണ്. അവരുടെ പാത പിന്തുടർന്ന് കാലാനുസൃതമായ നവീകരണങ്ങളിലൂടെ

സഭയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും ജനസൗഹൃദവുമാക്കാൻ നമുക്ക് ശ്രമിക്കാം. നമ്മുടെ സമൂഹത്തിലെ കുട്ടികൾ, സ്ത്രീകൾ എന്നിവരെ കൂടുതലായി ജനാധിപത്യ പ്രക്രിയകളിൽ പങ്കാളികളാക്കാൻ വേണ്ടിയുള്ള റീച്ച് ഔട്ട് പദ്ധതികൾ പ്രായോഗികതലത്തിൽ കൊണ്ടുവരേണ്ടത് സ്വാഭാവികമായി പരിഗണനയിൽ വരേണ്ടതാണെന്ന് ഞാൻ വിശ്വസിക്കുന്നു.

ഈ സഭയിൽ നവാഗതരായ 71 അംഗങ്ങളുണ്ട്. പകുതിയിലധികം അംഗങ്ങൾ നവാഗതരാണ്. ഒരു പുതിയ തലമുറയുടെ രംഗപ്രവേശമാണ് ഞാൻ ഇവിടെ കാണുന്നത്. പുതിയ പ്രതീക്ഷകളും പ്രത്യാശകളുമായി നിയമസഭയിലേയ്ക്ക് കടന്നുവന്ന പുതിയ അംഗങ്ങളെ ഞാൻ സ്വാഗതം ചെയ്യുന്നു. ജനങ്ങൾ നമ്മളിൽ അർപ്പിച്ച വിശ്വാസം കാത്തുസൂക്ഷിക്കാൻ നമുക്കൊരുമിച്ച് പ്രവർത്തിക്കാം. എല്ലാവർക്കും എന്റെ അഭിവാദ്യങ്ങൾ, തുടർന്നുള്ള പ്രവർത്തനങ്ങൾ ഇതുപോലെതന്നെ ഭംഗിയായി നമുക്ക് മുന്നോട്ടുകൊണ്ടുപോകാൻ കഴിയണം. എന്നെക്കുറിച്ച് പറഞ്ഞ വാക്കുകളിൽ ഒരു ഉദാഹരണം മാത്രം ഞാൻ സൂചിപ്പിക്കാം. സത്യസന്ധനും നിഷ്കളങ്കനും വളരെ നിഷ്പക്ഷവുമായി പ്രവർത്തിച്ച കേരള നിയമസഭയിൽ സ്പീക്കറായിരുന്ന ആർ. വി. തോമസിന്റെ അനുസ്മരണത്തോടുകൂടിയാണ് ഞാൻ ഈ സഭയിൽ വന്നെത്തിയതെന്ന് ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കുന്നു. ആ പശ്ചാത്തലമെല്ലാം പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് നമ്മുടെ നാടിന്റെ നന്മയ്ക്കുവേണ്ടി കൂട്ടായി യത്നിച്ച് നമുക്ക് മുന്നോട്ടുപോകാൻ കഴിയണം. അതിന് നിങ്ങളുടെ എല്ലാവരുടെയും സഹായ സഹകരണമുണ്ടാകണമെന്ന് ഒരിക്കൽകൂടി ഞാൻ അഭ്യർത്ഥിക്കുന്നു.

*Uncorrected/Not for publication*
*22-05-2026*

*Election of Speaker*

ഓർഡർ..... ഓർഡർ......, ഈ നിയമസഭയിലെ പ്രതിപക്ഷ പാർട്ടികളിൽ ഏറ്റവും കൂടുതൽ അംഗസംഖ്യയുള്ളത് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്) ആണ്. അതിനാൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 2(1) അനുസരിച്ച് പ്രസ്തുത പാർട്ടിയുടെ നേതാവായ ശ്രീ. പിണറായി വിജയനെ സഭയിലെ പ്രതിപക്ഷനേതാവായി ഞാൻ അംഗീകരിച്ചിരിക്കുന്നു.

**അറിയിപ്പ്**

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾക്കും മാധ്യമപ്രവർത്തകർക്കും വേണ്ടി ക്യാന്റീന് സമീപം ചായസൽക്കാരം ക്രമീകരിച്ചിട്ടുണ്ട്. എല്ലാവരും അതിൽ പങ്കെടുക്കണമെന്ന് അഭ്യർഥിക്കുന്നു.

ഓർഡർ.... ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും 2026 മേയ് മാസം 29-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2026 മേയ് മാസം 29-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ രാവിലെ 10.52-ന് പിരിഞ്ഞു.)

* * * *